**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **21-01-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളിൽ അഗ്നിസുരക്ഷ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . വിൻസെൻറ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ നഗരത്തിലെ എട്ട് പ്രധാന ട്രഷറികളിൽ അഗ്നിസുരക്ഷാസംവിധാനങ്ങൾ ഇല്ലായെന്ന് അഗ്നിരക്ഷാസേനയുടെ ഫയർ ആഡിറ്റിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ട്രഷറികളാണ് പ്രസ്തുത സംവിധാനം ഇതുവരെ ഒരുക്കാത്തത്; | (എ) | ഉണ്ട്. ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ നഗരത്തിലെ പ്രധാന 13 ട്രഷറികളിൽ അഗ്നി സുരക്ഷാസംവിധാനങ്ങൾ ഇല്ലായെന്ന് അഗ്നിരക്ഷാസേനയുടെ ഫയർ ആഡിറ്റിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1. ട്രഷറി ഡയറക്ടറുടെ ഓഫീസ് 2. ജില്ലാ ട്രഷറി, തിരുവനന്തപുരം 3. പ്രിൻസിപ്പൽ സബ് ട്രഷറി ഫോർട്ട് 4. അഡീഷണൽ സബ് ട്രഷറി, വഞ്ചിയൂർ 5. സബ് ട്രഷറി, വെള്ളയമ്പലം 6. സബ് ട്രഷറി, എഞ്ചിനിയറിംഗ് കോളേജ്, തിരുവനന്തപുരം 7. സബ് ട്രഷറി, മെഡിക്കൽകോളേജ് 8. സബ് ട്രഷറി, വികാസ് ഭവൻ 9. സബ് ട്രഷറി, സെക്രട്ടറിയേറ്റ് 10. സബ് ട്രഷറി, ലെജിസ്ലേറ്റീവ് കോംപ്ലക്സ് 11. സബ് ട്രഷറി, കുടപ്പനക്കുന്ന് 12. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, തിരുവനന്തപുരം 13. സബ് ട്രഷറി, കഴക്കൂട്ടം |
| (ബി) | അഗ്നി സുരക്ഷാസംവിധാനം ഇല്ലാത്ത ട്രഷറികളിൽ അത് അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കും. ട്രഷറി വകുപ്പിൽ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) അടിസ്ഥാനമാക്കിയുള്ള ISO 27001 സർട്ടിഫിക്കറ്റ് നേടുന്നതിന് എല്ലാ ട്രഷറികളിലും Fire Extinguisher സ്ഥാപിക്കുന്നതിന് 28/04/2020 തീയതിയിലെ സ.ഉ(സാധാ) നം.2883/2020/ധന പ്രകാരം ഭരണാനുമതി നല്കിയിരുന്നു. Fire Extinguisher കൾ e-Tender നടപടികളിലൂടെ വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അഗ്നി സുരക്ഷാസംവിധാനം ഇല്ലാത്ത ട്രഷറികളിൽ ആയത് ഏർപ്പെടുത്തുവാനുള്ള സത്വര നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ